"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് വിഭാഗം - സീനിയർ ക്ലാർക്ക് തസ്തികയിൽനിന്നും വിരമിച്ച ശ്രീമതി. കുഞ്ഞമ്മ മേഴ്സി ജേക്കബ് - ശമ്പളത്തിൽ നിന്നും തിരിച്ച് പിടിച്ച തുക തിരികെ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നിരസിച്ച് - OA No.319/2022-ൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.03.2022 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1516/2022/LSGD തീയതി,തിരുവനന്തപുരം, 24-06-2022

---

പരാമർശം:-

1. മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ 2016 നവംബർ മാസത്തിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ ആഡിറ്റിലെ ആഡിറ്റ് എൻക്വയറി നമ്പർ 4.

2. മുഖ്യ നഗരാസൂത്രകന്റെ 14.02.2017 തീയതിയിലെ A2/11477/16 നമ്പർ നടപടിക്രമം,

3. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No.319/2022 ഹർജിയിലെ 09.03.2022 തീയതിയിലെ വിധിന്യായം.

4. സീനിയർ ക്ലർക്കായി വിരമിച്ച ശ്രീമതി. കുഞ്ഞമ്മ മേഴ്സി ജേക്കബിന്റെ 19.03.2020 തീയതിയിലെ അപേക്ഷ.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിലെ മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ പരാമർശം (1) പ്രകാരം അക്കൗണ്ടന്റ് ജനറൽ നടത്തിയ ആഡിറ്റിൽ സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി. കുഞ്ഞമ്മ മേഴ്സി ജേക്കബിന്റെ ശമ്പള നിർണ്ണയത്തിലെ അപാകത മൂലം അധികമായി തുക കൈപ്പറ്റിയതായി കണ്ടെത്തുകയും ടി തുക തിരിച്ച് അടക്കാൻ പരാമർശം (2) പ്രകാരം മുഖ്യ നഗരാസൂത്രകൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. തുടർന്ന് 30/04/2021 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ പെൻഷനുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി ശമ്പളത്തിൽ നിന്നും അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിന് സമ്മതമാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക തിരികെ പിടിക്കുകയും ചെയ്തിരുന്നു.

2) ശമ്പള നിർണ്ണയത്തിലെ അപാകത മൂലം അധികമായി തുക കൈപ്പറ്റിയതായി കണ്ടെത്തുകയും പിന്നീട് തിരിച്ച് പിടിക്കുകയും ചെയ്ത തുക തിരികെ ലഭ്യമാക്കണമെന്ന് അവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. കുഞ്ഞമ്മ മേഴ്സി ജേക്കബ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA No.319/2022 ഹർജി ഫയൽ ചെയ്തിരുന്നു.ആയതിന്മേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3-ലെ വിധിന്യായം ചുവടെ ചേർക്കും പ്രകാരം ഉത്തരവായിരുന്നു.

' The Original Application is disposed of, without going into the merits of the contentions/claims, directing the 1st respondent to consider and pass appropriate orders on Annexure A3(പരാമർശം 4) representation, in accordance with law, in the light of the dictum laid down by the Hon'ble Supreme Court in Rafeeq Masih judgment, as expeditiously as possible and at any rate, within a period of three months from the date of receipt of a copy of this order. The applicant will produce certified copy of this order and a copy of Original Application along with the accompanying documents before the 1st respondent'

3) സർക്കാർ ഈ വിഷയം മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 30.04.2021 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി.കുഞ്ഞമ്മ മേഴ്സി ജേക്കബ് 8 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച ശമ്പള നിർണയത്തിന് സാക്ഷ്യപത്രം(Declaration) സമർപ്പിച്ചിട്ടുണ്ടെന്നതിനാലും ടിയാരിയ്ക്ക് 8 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച ശേഷം ആദ്യത്തെ പ്രൊമോഷന് വീണ്ടും ശമ്പള നിർണ്ണയം നടത്തിയത് മൂലമാണ് ടി അപാകത സംഭവിച്ചതെന്നതിനാലും അധികമായി കൈപ്പറ്റിയ ടി തുക ടിയാൾ തിരിച്ചടച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കിയിട്ടുള്ളതിനാലും ടിയാൾ സമർപ്പിച്ച പരാമർശം (4) ലെ അപേക്ഷ നിരസിച്ച് OA No.319/2022 ഹർജിയിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.03.2022 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ്:
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
അഡ്വക്കറ്റ് ജനറൽ ,കേരളം കൊച്ചി.(ആമുഖ കത്ത് സഹിതം)
ശ്രീമതി.കുഞ്ഞമ്മ മേഴ്സി ജേക്കബ്, സീനിയർ ക്ലർക്ക് (റിട്ട)(മുഖ്യ നഗരാസൂത്രകൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/143/2017-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ